(ബി) സമാധാനം വാങ്ങിയതിനുശേഷമാണോ അപ്രകാരം ചെയ്തിട്ടുള്ളതു";

(സി) ആ വിധത്തിലുള്ള കേസുകൾ ഇപ്പോൾ എത്രയെണ്ണം നിലവിലുണ്ടെന്നു പറയാമോ; എത്ര തീർന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു".

(ബി) അങ്ങനെ സമാധാനം വാങ്ങണമെന്നു തൊഴിൽതർക്കനിയമത്തിൽ വ്യവസ്ഥയില്ല. എങ്കിലും ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ നിയമമനുസരിച്ചു് പ്രവർത്തിക്കണമെന്നു മാനേജ്മെൻറിനോടു പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും കേൾക്കാത്ത സന്ദർഭങ്ങളിൽ മാത്രമേ കേസു കൊടുത്തിട്ടുള്ളൂ.

(സി) മൂന്നെണ്ണം നിലവിലുണ്ടു". ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൻെറ അവാർഡ് വ്യവസ്ഥകൾ കേസു കൊടുത്തതിനുശേഷം നടപ്പിൽ വരുത്തിയതിനാൽ രണ്ടു കേസുകൾ പിൻവലിച്ചിട്ടുണ്ടു".

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ

* ൭൫൨. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലേബർ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൻെറ അവാർഡിനെ അവഗണിച്ചതിലേക്കു് എത്ര കേസുകൾ എടുത്തിട്ടുണ്ടു";

(ബി) അവയിൽ എത്രയെണ്ണം തീർപ്പുചെയ്തു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) രണ്ടു.

(ബി) രണ്ടും തീർപ്പുചെയ്തിട്ടില്ല. വേറെ രണ്ടു കേസുകളിൽ പ്രതികൾ അവാർഡ് അനുസരിച്ചു് പിന്നീടു പ്രവർത്തിച്ചതിനാൽ കേസു് പിൻവലിച്ചിട്ടുണ്ടു".

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ചാലക്കുടി മാച്ചു് ഫാക്ടറി രണ്ടു മാസമായി പൂട്ടിയിട്ടിരിക്കുന്നതു് ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. ചാലക്കുടി മാച്ചു് ഫാക്ടറിയിൽ കഴുപ്പുണ്ടാകും മുമ്പു് ഉണ്ടായിട്ടുള്ളതായും ആ കഴുപ്പുണ്ടാകും തീർത്തിട്ടുള്ളതായും അറിയാം. എന്നാൽ ഇപ്പോൾ കഴുപ്പു് ഉള്ളതായിട്ടു് അറിവില്ല.

ശ്രീ. എ. പി. നമ്പ്യാർ: ചാലക്കുടി മാച്ചു് ഫാക്ടറി മാനേജ്മെൻറ് അവാർഡ് ലംഘിച്ചതായി ഗവൺമെൻറിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ലംഘിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ഷിഫ്റ്റ് സിസ്റ്റം

* ൭൫൩. (൫) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഷിഫ്റ്റ് സിസ്റ്റം തുടങ്ങിയ ഏതെങ്കിലും അദ്ധ്യാപകന്മാർ ഇപ്പോൾ ജോലിയില്ലാതെ നിൽപുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ;

(സി) ഷിഫ്റ്റ് സിസ്റ്റംമൂലം പിരിച്ചുവിട്ടവരെ വീണ്ടും നിയമിക്കുന്നതു് എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണെന്നു പറയാമോ;

(ഡി) ഷിഫ്റ്റ് സിസ്റ്റം ഇപ്പോൾ എത്ര താലൂക്കുകളിൽ എത്ര സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നു പറയാമോ,

(ഇ) ഷിഫ്റ്റ് സിസ്റ്റം ഏർപ്പെടുത്തിയശേഷം ഏതെങ്കിലും സ്കൂളുകളിൽ നിന്നു് ആ സിസ്റ്റം നീക്കംചെയ്തിട്ടുണ്ടോ?

(എഫ്) ഷിഫ്റ്റ് സിസ്റ്റം കൊച്ചിയിൽ ഉണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു്.

(ബി) ഏകദേശം ൨ ൦ ൦ പേർ.

(സി) പിരിച്ചുവിടുന്ന സമയം ലാവണം സ്ഥിരമായിരിക്കണം. അല്ലെങ്കിൽ സ്ഥിരമായി ഒഴിവുള്ള സ്ഥാനങ്ങളിൽ പകരം നോക്കിയിരുന്നിരിക്കണം.

(ഡി) ഷിഫ്റ്റ് സിസ്റ്റം തിരുവിതാംകൂർ വിഭാഗത്തു് എല്ലാ ഡിപ്പാർട്ട്മെൻറ സ്കൂളുകളിലും ഫോർ ത പ്രൈവറ്റ് പ്രൈമറിസ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടു്.

(ഇ) ഉണ്ടു്.

(എഫ്) ഉണ്ടു്.

ശ്രീ. ദേവകീഗോപിദാസ്: ഷിഫ്റ്റ് സിസ്റ്റം തുടരണമെന്നു ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ക്രമേണ ഇല്ലാതാക്കണമെന്നാണു ഗവൺമെൻറിൻെറ ഉദ്ദേശം.

ശ്രീ. ദേവകീഗോപിദാസ്: ഷിഫ്റ്റ് സിസ്റ്റം നടത്തുന്ന സ്കൂളുകളിലെ അദ്ധ്യാപകന്മാർ കൂടുതൽ ജോലി ചെയ്യേണ്ടതായിട്ടുവരുമെന്നു ഗവൺമെൻറിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വളരെ ജോലിയില്ല. ഒരു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യേണ്ടിവരികയില്ല.

ശ്രീ. എ. താണുപിള്ള: ഇപ്പോൾ എത്ര സ്കൂളുകളിൽ ഷിഫ്റ്റ് സിസ്റ്റം നടപ്പിലുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൻെറ കണക്കുകൾ ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. എ. താണുപിള്ള: ഇതിടെ ഷിഫ്റ്റ് സിസ്റ്റം നീക്കംചെയ്യപ്പെട്ടിട്ടുള്ളതു് ഏതെല്ലാം സ്കൂളുകളിൽനിന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതെല്ലാം സ്കൂളുകളിലാണു് എന്നു പറയുന്നതിനു് ആ സ്കൂളുകളുടെ ലിസ്റ്റ് എൻെറ കൈവശം ഇപ്പോൾ ഇല്ല.

ശ്രീ. എ. താണുപിള്ള: ഷിഫ്റ്റിംഗ് സിസ്റ്റം എല്ലാ സ്കൂളുകളിലും വേണ്ടെന്നു വയ്ക്കുന്നതായാൽ അതുകാരണം ഗവൺമെൻറിനു് എത്ര രൂപാ ചെലവു കൂടുതൽ വരും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: എത്ര ത്രപാ വരുമെന്നുള്ളതിനു് അതിന്റെ കണക്കു് എന്റെ കൈവശം ഇപ്പോൾ ഇല്ല.

Sri. D. Gnanasigamoni: Are the Government aware that in certain places where the shift system works, the morning and evening sessions start at 3'0 clock and disperse at four?

Sri. T. K. Narayana Pillai: Such instances have not been brought to my notice.

ശ്രീ. ഇ. പി. പൗലോസു്: ഷിഫ്റ്റ് സിസ്റ്റം അനുസരിച്ചു് പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരിൽ എത്രപേരെ വേറെ വേക്കൻസികളിൽ നിയമിച്ചിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: പിരിച്ചുവിടപ്പെട്ട ൨൦൦ പേരിൽ ൧൩൫ പേരെ അബ്സോർബ് ചെയ്യുന്നതിനു് സാംഗ്ഷൻ ആയിട്ടുണ്ടു്. ഇനി ആ സാംഗ്ഷനെ തുടർന്നു അവരെ ഓരോ സ്ഥാനത്തു പോസ്റ്റ് ചെയ്യേണ്ടതായിട്ടേ ഉള്ളൂ.

ശ്രീ. പി. എം. വറുഗീസു്: പ്രൈവറ്റു് സ്കൂളുകളിൽ ഷിഫ്റ്റ് സിസ്റ്റം നിറുത്തുവാൻ ഗവണ്മെന്റിന്റെ അനുവാദം ആവശ്യമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമായിരിക്കും.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: അടുത്ത സ്കൂൾ വർഷാരംഭം മുതൽ ഷിഫ്റ്റ് സിസ്റ്റം പരിപൂർണ്ണമായി നിറുത്തൽചെയ്യണമെന്നാണോ ഗവണ്മെന്റിന്റെ ഉദ്ദേശം?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗത്തിൽ ഷിഫ്റ്റ് സിസ്റ്റം മുഴുവൻ നിറുത്തൽ ചെയ്യണമെന്നാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

ശ്രീ. വി. ഗംഗാധരൻ നായർ: ഷിഫ്റ്റ് സിസ്റ്റംമൂലം പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുന്നതുവരെ അവർക്കു ശമ്പളമോ അലവൻസോ വല്ലതും കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശമ്പളമോ അലവൻസോ കൊടുക്കുന്നതു് അവരെ പിരിച്ചുവിട്ട അവസരത്തിൽ ഗവണ്മെന്റിൽനിന്നു കൊടുത്ത ഓർഡർ അനുസരിച്ചിരിക്കും.

ശ്രീ. എം. താണുപിള്ള: ഇന്നു് ഏതെങ്കിലും പ്രൈവറ്റു് സ്കൂളുകളിൽ ഷിഫ്റ്റ് സിസ്റ്റം ഇപ്പോൾ നിലവിലില്ലാതായിത്തീർന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്കൂളുകളിൽ ഇല്ലാതായിത്തീർന്നിട്ടുണ്ടു്.

അടിസ്ഥാനവിദ്യാഭ്യാസം

* ൭൨൪. (൧) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ അടിസ്ഥാനവിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ഗവണ്മെന്റിനു് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) സേവാഗ്രാമത്തിൽ അടിസ്ഥാനവിദ്യാഭ്യാസം പരിശീലിച്ചവർ ആരെങ്കിലും ഇവിടെയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly